## കുഞ്ഞാലിത്തിര

രാജീവ് ശിവശങ്കർ



ചരിത്രക്കടൽ നീന്തിയെത്തിയ കപ്പൽ വർത്തമാന കാലത്തിലേക്കു നങ്കൂരമിട്ടു. തിരുനാവാ മണപ്പുറത്ത് സാമൂതിരിയെന്നപോലെ നിശ്ശബ്ദത അവർക്കിടയിൽ നിലപാടുനിന്നു. അബൂബക്കർ മഖ്ദൂം ഓർമകളുടെ പായ അഴിച്ചു. കഥ തുടങ്ങുകയായി. നൂറ്റാണ്ടു നീണ്ട പോരാട്ടത്തിന്റെ ചരിത്രം. ചതിയുടെയും ഉപജാപങ്ങളുടെയും ഒളിപ്പോരിന്റെയും ചോരവീണ ചരിത്രം. പറങ്കികളുടെ സിരകളിൽ ഭയത്തിന്റെ തിരയിളക്കിയ കടൽക്കരുത്തിന്റെ കുഞ്ഞാലിചരിത്രം.

കുട്ട്യാലി മരയ്ക്കാരും കുട്ടിപ്പോക്കറും പട്ടുമരയ്ക്കാരും മുഹമ്മദ് മരയ്ക്കാരും അറബിക്കടലിലെഴുതിയ വീരേതിഹാസം പുനർവായിക്കപ്പെടുകയാണ് കുഞ്ഞാലിത്തിരയിലൂടെ.

കവർ ഡിസൈൻ : ബോണി ബാസ്റ്റ്യൻ

ഡിസി ബുക്സ്

ISBN 978-93-5282-622-3 00002

രാജീവ് ശിവശങ്കർ • കുഞ്ഞാലിത്തിര

# രാജീവ് ശിവശങ്കർ

# കുഞ്ഞാലിത്തിര

2-ാം പതിപ്പ്

കടൽക്കരുത്തുകൊണ്ട് ദേശാഭിമാനത്തിന്റെ വീരചരിത്രമെഴുതിയ കുഞ്ഞാലിമരയ്ക്കാരുടെ ഐതിഹാസികജീവിതം പറയുന്ന നോവൽ

DCB

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1668

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1660 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## രാജീവ് ശിവശങ്കർ

പത്തനംതിട്ട ജില്ലയിലെ കോന്നി മങ്ങാരം കാരുവള്ളിൽ വീട്ടിൽ ജനനം. മാതൃഭൂമി ചെറുകഥാ മത്സരത്തിൽ പുരസ്കാര ജേതാവാണ്. *കൽപ്രമാണം, പുത്രസൂക്തം, കാറൽ മാർക്സ്; കൈലാസം വീട്,* (നോവലുകൾ), *ഗൂഢം* (കഥകൾ) എന്നിവയാണു മറ്റുകൃതികൾ. *പ്രാണസഞ്ചാരം* തോപ്പിൽ രവി പുരസ്കാരവും *ദൈവമരത്തിലെ ഇല* മനോരാജ് സ്മാരക കഥാപുരസ്കാരവും നേടി. ഇപ്പോൾ മലയാള മനോരമ കൊച്ചി യൂണിറ്റിൽ അസിസ്റ്റന്റ് എഡിറ്റർ.

### രാജീവ് ശിവശങ്കറിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*
തമോവേദം
പ്രാണസഞ്ചാരം
മറപൊരുൾ
കലിപാകം
പെണ്ണരശ്
കുഞ്ഞാലിത്തിര

*കഥ*
ദൈവമരത്തിലെ ഇല

രാജീവ് ശിവശങ്കറിന്റെ
പുസ്തകങ്ങൾ പരിചയപ്പെടുവാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

രാജീവ് ശിവശങ്കർ

# കുഞ്ഞാലിത്തിര

ഡി സി ബുക്സ്

MALAYALAM LANGUAGE
Kunjālithira

NOVEL
*by* Rajeev Sivasankar

Rights Reserved
First Published February 2019
This edition - May 2019

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Rajeev Sivasankar.
Kunjalithira/Rajeev Sivasankar.
376 p; 21cm.
ISBN - 978-93-5282-622- 3.
1. Malayalam novel. I. Title.
8M3* - dc 22
*(This is local variation of DDC Number for Malayalam literature:Kunjalithira.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5282-622-3.

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

208/19-20-Sl.No. 19061-dcb 7100-(2)1000-8775-05-19 Spb 18.6-p sc-r(t) sh-d(t) hm

## ചരിത്രം കപ്പൽ തുഴയുമ്പോൾ

പൊള്ളുമെന്നറിഞ്ഞുതന്നെ ചിലപ്പോൾ നമ്മൾ തീയിൽ ചവിട്ടും. കുഞ്ഞാലിമരയ്ക്കാരെപ്പറ്റിയുള്ള ഈ രചന ഞാൻ അങ്ങനെ ചവിട്ടിയ തീയായിരുന്നു. ചവിട്ടുകയല്ല, തീ വിഴുങ്ങുകയായിരുന്നു. ആഴത്തിലറിയാൻ ശ്രമിച്ചപ്പോൾ നെഞ്ചുപൊള്ളിച്ച്, കുഞ്ഞാലി പിടിതരാതെ ചരിത്രക്കടലിലൂടെ പടകുമായി കുതിച്ചു. തീവിഴുങ്ങിപ്പക്ഷി പിന്നാലെ പറന്നു. കെട്ടുകഥകളുടെയും തെറ്റിദ്ധാരണകളുടെയും പതിരുകൾ തല്ലിക്കൊഴിച്ച് ഒടുവിൽ കതിരു കൊത്തിയപ്പോഴേക്കും തളർന്നു. കോഴിക്കോട്, കണ്ണൂർ, കൊച്ചി, ഗോവ, കൊളംബോ, പോർച്ചുഗൽ എന്നിവയുടെ ചരിത്രങ്ങൾ, പ്രാചീന കപ്പൽ നിർമ്മാണത്തിന്റെയും ആയുധനിർമ്മാണത്തിന്റെയും കടൽക്കാറ്റിന്റെയും രഹസ്യങ്ങൾ, സാമൂതിരിയുടെ ജീവിതം, പഴയ യുദ്ധമുറകൾ... എല്ലാം പഠിക്കാൻ കുഞ്ഞാലി കാരണക്കാരനായി. ചരിത്രം ചിലപ്പോൾ ചിരിപ്പിക്കുമെന്നും സാന്ത്വനപ്പെടുത്തുമെന്നും ഉറക്കം ഞെട്ടിക്കുമെന്നും കുഞ്ഞാലി പറഞ്ഞ്, ഞാനറിഞ്ഞു.

പക്ഷേ, എത്ര വായിച്ചിട്ടും പഠിച്ചിട്ടും നൂറ്റാണ്ടുകടന്ന ചരിത്രത്തിന്റെ അടരിൽ ചില വിടവുകൾ ശേഷിച്ചു. കുഞ്ഞാലിയുടെ കുടുംബം, മരയ്ക്കാന്മാരുടെ ജീവിതവഴി, മരണം... അങ്ങനെ ഒരുപാടുകാര്യങ്ങൾ. നാലു കുഞ്ഞാലിമാരുടെ കാലത്ത് പതിനഞ്ചോളം സാമൂതിരിമാർ അധികാരത്തിലുണ്ടായിരുന്നു എന്നു കരുതാം. കുഞ്ഞാലിമാരുടെ പേരുമുതൽ വയസ്സുവരെ എല്ലാം മലയാളപുസ്തകങ്ങളിൽ വ്യത്യസ്തമായിരുന്നു. ഇങ്ങനെയുമാകാം; അങ്ങനെയുമാകാം എന്ന നില. പിന്നെ സഹായമായത് വിദേശഗ്രന്ഥങ്ങളാണ്. കേരളീയ കാഴ്ചപ്പാടിലൂടെ തയാറാക്കപ്പെട്ടവയല്ലാത്തതിനാൽ അവയിൽനിന്നു വിവരങ്ങൾ കണ്ടെത്തി ക്രോഡീകരിക്കാൻ ഏറെ സമയം ചെലവഴിക്കേണ്ടിവന്നു. എങ്കിലും ഇംഗ്ലിഷ് പുസ്തകങ്ങളിൽനിന്നു കിട്ടിയ വിവരങ്ങൾ കൂടുതൽ കൃത്യതയുള്ളതായിരുന്നു. തീവ്രമായ വായനയ്ക്കും എഴുത്തിനുമിടയിൽ പലതവണ കണ്ണു പണിമുടക്കി. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ കൽവത്തിക്കൊട്ടാരത്തിന്റെ നടകയറുന്ന ഞാൻ രാവിലെ കുറ്റ്യാടിപ്പുഴയിൽ കുളിച്ചെഴുന്നേറ്റു. നോവലിനുവേണ്ടി ഇങ്ങനെ കഷ്ടപ്പെടേണ്ട വല്ല കാര്യവുമുണ്ടോ എന്ന് ചിലപ്പോൾ എനിക്കുതന്നെ തോന്നി. പക്ഷേ, ഇന്നല്ലെങ്കിൽ നാളെ ഒരുപാടുപേർക്ക് ഈ പുസ്തകം പ്രയോജനപ്പെടുമെന്ന് സമാധാനിച്ചു.

നോവൽ പൂർത്തിയായശേഷം പ്രശ്നം പ്രാദേശിക ഭാഷയായിരുന്നു. കോലത്തിരിയും സാമൂതിരിയും കൊച്ചിത്തമ്പുരാനും കുഞ്ഞാലിയുമെല്ലാം ഉപയോഗിക്കേണ്ടത് വ്യത്യസ്ത ഭാഷകൾതന്നെയാകണം എന്നു മനസ് നിർബന്ധം പിടിച്ചു. എഴുതിയ സംഭാഷണങ്ങൾ അതത് പ്രാദേശികവഴക്കങ്ങളിലേക്കു മാറ്റാൻ ഏറെപ്പേരുടെ സഹായം വേണ്ടിവന്നു. കൊച്ചിയിൽനിന്നു ജെനിൻ ജോബ്, കണ്ണൂരിൽനിന്നു രാജേഷ് തില്ലങ്കേരി, വടകരയിൽനിന്ന് ഒ.കെ. വിനോദ് കുമാർ, ഒറ്റപ്പാലത്തുനിന്നു ഫിറോസ്, പിന്നെ ഫേസ്ബുക്കിലെ പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ചങ്ങാതി... അങ്ങനെ ഒരുപാടുപേർ സഹായിച്ചു. റഫറൻസ് പുസ്തകങ്ങൾ സംഘടിപ്പിക്കാൻ പാലക്കാട്ടുനിന്ന് ബ്ലിസ് ഗണപതി ഏറെ തുണച്ചു. പരീക്ഷത്തിരക്കിനിടയിലും വിദേശപുസ്തങ്ങൾ വായിച്ചു കുറിപ്പു തയാറാക്കിത്തന്ന എന്റെ മകൾ അമ്മുവിനും ഭ്രാന്തുപിടിച്ച എഴുത്തുകാരനെ സഹിച്ച എന്റെ ഭാര്യയ്ക്കും അമ്മയ്ക്കും നന്ദി പറയുന്നതു കടന്നകൈയാവും. എങ്കിലും പറയട്ടെ, ഒരു വലിയ നന്ദി!

**രാജീവ് ശിവശങ്കർ**



# കുഞ്ഞാലിത്തിര

പിടഞ്ഞെഴുന്നേറ്റ് കിളിവാതിലിലൂടെ നോക്കുമ്പോൾ അന്തിവെയിലിന്റെ ചീനവലക്കെട്ടിനപ്പുറം ചാകരക്കാലത്തെന്നപോലെ തുറ ആടിപ്പാടുന്നു. വാദ്യമേളം പൂത്തുലയുന്നു. അപ്പോൾ, തിരക്കൈകൾക്കുമേലേ ദൂരെ നൂറുനൂറു പടകുകൾ നീരിലേക്കിറങ്ങുകയായിരുന്നു.. തലയിൽ തൊപ്പിയണിഞ്ഞ ചെറുപ്പക്കാർ പടകിൽ നിവർന്നുനിന്ന് ആവേശത്തോടെ കൈകൾവീശി. അവരുടെ മുന്നിൽ വാളുയർത്തിപ്പിടിച്ച് അലിമരയ്ക്കാർ. കുട്ടി അഹമ്മദ് കണ്ണീർ തുടച്ചു. കണ്ണൂർ കടപ്പുറത്ത് മുളങ്കമ്പിൽ കുത്തിനിർത്തിയ ഉപ്പിട്ടുണങ്ങിയ ഒരു ശിരസ്സിന്റെ ഓർമ്മയെ അയാൾ മായ്ച്ചുകളയാൻ ശ്രമിച്ചു.

അന്നു രാത്രി അബൂബക്കർ മഖ്ദൂം, തന്റെ ബാപ്പ ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം എഴുതിവച്ച ചരിത്ര സ്മരണയുടെ അവസാനതാളിൽ ഇങ്ങനെ യെഴുതി:

“അങ്ങനെ കുഞ്ഞാലിമരയ്ക്കാരും കൂട്ടരും ഒരിക്കൽക്കൂടി അറബി ക്കടലിൽ പടയ്ക്കിറങ്ങി. അവസാനത്തെ പടയ്ക്ക്.”



## സഹായക ഗ്രന്ഥങ്ങൾ


1. തുഹ്ഫത്തുൽ മുജാഹിദീൻ – ശൈഖ് സൈനുദ്ദീൻ മഖ്ദൂം
2. കൊച്ചി രാജ്യചരിത്രം – കെ.പി. പത്മനാഭമേനോൻ
3. മലബാർ പൈതൃകവും പ്രതാപവും – ഡോ. പി.ബി. സലിം ലാസ്
4. ജാതിവ്യവസ്ഥയും കേരളചരിത്രവും – പി.കെ. ബാലകൃഷ്ണൻ
5. കേരളപ്പഴമ – ഹെർമൻ ഗുണ്ടർട്ട്
6. സാമൂതിരിയും കോഴിക്കോടും – തമ്പൻ തമ്പുരാൻ
7. കേരളചരിത്രം – കേരള ഹിസ്റ്ററി അസോസിയേഷൻ
8. മലബാർ മാനുവൽ – വില്യം ലോഗൻ
9. മലബാർ പഠനങ്ങൾ – എൻ.എം. നമ്പൂതിരി.
10. കുഞ്ഞാലിമരയ്ക്കാർ – ഡോ. കെ.സി. വിജയരാഘവൻ,
    – ഡോ.കെ.എം.ജയശ്രീ
11. കോഴിക്കോടിന്റെ കഥ – എം.ജി.എസ്. നാരായണൻ
12. സാമൂതിരികാലത്തെ കോഴിക്കോട് : കഥയും ചരിത്രവും
    – ഡോ. പി.വി. ഹരിദാസ്
13. ഇന്ത്യൻ കപ്പലോട്ടത്തിന്റെ ചരിത്രം – ഡോ. ടി.ആർ. രാഘവൻ
14. സഞ്ചാരികൾ കണ്ട കേരളം – വേലായുധൻ പണിക്കശ്ശേരി.
15. പോർച്ചുഗീസ്ഡച്ച് ആധിപത്യം കേരളത്തിൽ
    – വേലായുധൻ പണിക്കശ്ശേരി.
16. ദന്തസിംഹാസനം – മനു എസ്. പിള്ള
17. കോഴിക്കോടിന്റെ ചരിത്രം – കെ. ബാലകൃഷ്ണക്കുറുപ്പ്
18. സാമൂതിരിപെരുമ – ഡോ. വി.വി. ഹരിദാസ്
19. സിറിയൻ മാന്വൽ സമഗ്ര കേരള ചരിത്രം – റ്റി.ഒ. ഏലിയാസ്
20. ചരിത്രത്തിലെ ചോരപ്പാടുകൾ – വി.വി.മരയ്ക്കാർ
21. തച്ചോളിപ്പാട്ടുകൾ– ഡോ. സ്കറിയ സ്കറിയ
22. കേരള മുസ്ലിം ചരിത്രം– പി.എസ്. സെയ്ദ് മുഹമ്മദ്
23. സാമൂതിരിയും കോഴിക്കോടും – പി.സി.എം. രാജ
24. മാമാങ്കവും സാമൂതിരി ചരിത്രവും
25. സാമൂതിരി ചരിത്രത്തിലെ കാണാപ്പുറങ്ങൾ
    – ഡോ.എൻ.എം. നമ്പൂതിരി
26. രണ്ടു ചാവേർ പാട്ടുകൾ – കെ.വി.കൃഷ്ണയ്യർ
27. കേരളോൽപ്പത്തി കിളിപ്പാട്ട് – കെ.സി. മാനവിക്രമൻ രാജ

28. ന്യൂഹോഫ് കണ്ട കേരളം - കെ. ശിവശങ്കരൻ നായർ
29. കേരളത്തിലെ മുസ്ലിം ചരിത്രം - ഡോ. സി.കെ. കരീം
30. നായർ മേധാവിത്വത്തിന്റെ പതനം - ഡോ. റോബിൻ ജഫ്രി
31. കൊച്ചി രാജ്യചരിത്രകഥകൾ
32. കേരളോൽപ്പത്തി
33. The Zamorins and Calicut-K.V. Krishnayyar
34. A collection of Traties, Engagements and other Papers of Importance-William Logan
35. The Voyage of Francis Pyrard of Laval-Albert Gray
36. Jews of Kerala-P.M.Jussay
37. History of Christanity in India-A.M. Mundadan
38. The Kunhalis, Admirals of Calicut-Prof.O.K.Nambiar
39. The Land of Malabar: The book of Durate Barbosa-M.Gangadharan
40. Bibliography of Goa and the Portugese in India-Henry Scholberg
41. Window on Goa:A history and Guide-Maurice Hall
42. വിവിധ വെബ്സൈറ്റുകൾ